6234

നമ്മുടെ പദ്ധതി

2



ജലസേചനവും വിദ്യുച്ഛക്തിയും

123

കേരള ഗവമ്മെന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ
നിന്നും പ്രസിദ്ധപ്പെടുത്തുന്നതു്.



നെയ്യാർ അണ

ഭൂതത്താൻകെട്ട് അണ



6239

നമ്മുടെ പദ്ധതി

സാമാന്യ ജനതയുടെ ജീവിതനിലവാരം ഉയൎത്തുന്നതിനുവേണ്ടി പരമാവധി പരിശ്രമിക്കുകയാണല്ലോ ഏതൊരു ഗവണ്മെന്റിന്റെയും കൎത്തവ്യം. സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ പരിപാടികൾ ആസൂത്രണംചെയ്തു നടപ്പിൽ വരുത്തുകയാണ് അതിലേയ്ക്കുള്ള മാൎഗ്ഗം. ആ മഹത്തായ സംരംഭത്തിലാണ് നാം ഇന്ന് ഏൎപ്പെട്ടിരിക്കുന്നത്. അതാണ് പഞ്ചവത്സരപദ്ധതി. ഒരു സംഗതി നാം പ്രത്യേകം ഓൎമ്മിക്കണം. ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളേയും എല്ലാ വശങ്ങളിലുംകൂടി നേരിടുന്നതിനുള്ള സമ്പൂൎണ്ണവും അവസാനത്തേതുമായ ഉദ്യമമല്ല ഇത്. പദ്ധതിയിൽ ഇതുവരെ ഉൾപ്പെടാത്തതും വികസനപരമായ പ്രവൎത്തനങ്ങൾ ആവശ്യമായിട്ടുള്ളതുമായ പല കാൎയ്യങ്ങളും ഇനിയും ശേഷിക്കുന്നുണ്ടാകാം. പക്ഷേ ധനപരമായ നമ്മുടെ പരിമിതികൾകൂടി നാം കണക്കിലെടുക്കണം. പരമാവധി കഴിവനുസരിച്ചുള്ള പരമാവധി യത്നം — അതുമാത്രമേ സാദ്ധ്യമാകൂ. ഏതായാലും ഇത് ജനങ്ങളുടെ പദ്ധതിയാണ്. ഇതിന്റെ വിജയം ജനങ്ങളുടെ പരിപൂൎണ്ണമായ സഹകരണത്തെ ആശ്രയിച്ചിരിക്കുന്നു. നാം ഇപ്പോൾ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഘട്ടത്തിലാണ്. പദ്ധതിയിൽ എന്തെല്ലാം പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു എല്ലാവരും വ്യക്തമായി അറിഞ്ഞിരിക്കേണ്ടതു തികച്ചും ആവശ്യമാണല്ലോ. ഓരോ മേഖലയിലും ഉൾപ്പെടുത്തി പൂൎത്തിയാക്കിയിട്ടുള്ളവയും, ഇപ്പോൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നവയും, ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയുമായ പരിപാടികളെപ്പററി പൊതുജനങ്ങൾക്കു സാമാന്യമായ അറിവു നൽകണമെന്ന ഉദ്ദേശ്യത്തോടുകൂടി പുറപ്പെടുവിക്കുന്ന ലഘുലേഖാപരമ്പരയിൽ രണ്ടാമത്തേതാണിത്.

നമ്മുടെ പഞ്ചവത്സര പദ്ധതികൾ



	ഒന്നാം പദ്ധതി (ലക്ഷം രൂപാ)	രണ്ടാം പദ്ധതി (ലക്ഷം രൂപാ)
1. കൃഷിയും സാമൂഹ്യസേവനവും	570	1582
2. ജലസേചനവും വിദ്യുച്ഛക്തിയും	1763	3209
3. വ്യവസായങ്ങൾ	112	684
4. ട്രാൻസ്പോർട്ടും ഗതാഗതവും	258	557
5. സാമൂഹ്യസേവനങ്ങൾ	300	2381
6. പലവക	...	287
	3003	8700

ജലസേചനവും വിദ്യുച്ഛക്തിയും

തന്റെ അപരിമിതങ്ങളായ വിഭവങ്ങൾ ഇനിയും വേണ്ടത്ര ചൂഷണം ചെയ്യപ്പെട്ടിട്ടില്ലല്ലോ എന്നു ദീനമധുരമായി ചിരിക്കുകയാണോ കേരളം എന്നു പലപ്പോഴും തോന്നിപ്പോകാറുണ്ട്.

കേരളത്തിലെ നീരന്ധ്രനീലമായ മലകളും, "പാറമേൽത്തട്ടിപ്പാരം പളുങ്കിൻമണി ചിന്നിച്ചാരാവമോടെ പായും" പുഴകളും, കണ്ണും കരളും കവരുന്ന മനോഹാരിതയോടൊപ്പം, ജീവിതത്തെ ഉത്തരോത്തരം സമ്പന്നമാക്കുവാനുതകുന്ന പല പ്രാഭവങ്ങളും ഉൾക്കൊള്ളുന്നവയാണ്. കൃഷിഭൂമികളെ ഫലപുഷ്ടമാക്കുമാറു നദീജലങ്ങൾ യഥേഷ്ടം തിരിച്ചുവളച്ചു കൊണ്ടുവന്നു, സേചനം നിർവഹിക്കുന്നതുകൊണ്ടുമാത്രം നാം ചരിതാർത്ഥരാകുന്നില്ല. ഉഗ്രമായ വേഗതയോടെ മലമുകളിൽനിന്നു ആടോപത്തോടെ കീഴ്പ്പോട്ടു വരുന്ന വെള്ളച്ചാട്ടത്തെ ബലമായി പിടിച്ചുനിർത്തുന്നതിൽനിന്നു വിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ചു കൃഷിക്കും വ്യവസായത്തിനും ഗാർഹികാവശ്യങ്ങൾക്കും നാം ഉപയോഗിക്കുന്നു. പ്രകൃതിശക്തികളെ ഇങ്ങനെ യഥേഷ്ടം ഇണക്കി, ജീവിതത്തിലെ സന്തതസഹചാരികളായ വേലക്കാരാക്കുകയാണ് ആധുനിക മനുഷ്യൻ. വിദ്യുത്തിനേയും ജലത്തേയും ഉപയോഗപ്പെടുത്തുവാനുള്ള കേരളത്തിലെ പരിശ്രമങ്ങളുടെ പുരോഗതിയെ കുറിക്കുന്ന ഒരു ചിത്രം താഴെ വരുന്ന ഖണ്ഡികകളിൽ കാണാം.

ജലസേചന പദ്ധതികൾ

സംസ്ഥാനത്തെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയ്ക്കനുസരണമായി ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കേണ്ട ആവശ്യകതയേയും അതിനുവേണ്ടി പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാർഷികപരിപാടികളേയും പററി ഈ പരമ്പരയിൽപെട്ട ഒന്നാമത്തെ ലഘുലേഖയിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. കാർഷികോൽപ്പാദനപദ്ധതികളുടെ വിജയത്തിനു നിർവിഘ്നമായ ജലസേചനം എത്രമാത്രം അത്യന്താപേക്ഷിതമാണെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല. രണ്ടു കാലവർഷങ്ങളിലും നല്ല മഴ ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ മുൻകാലത്തു ജലസേചനത്തിനു വലിയ പ്രാധാന്യം കൽപ്പിച്ചിരുന്നില്ല. അതുകൊണ്ടു ഈ അടുത്തകാലംവരെ ഇവിടെ വൻകിട ജലസേചനപദ്ധതികൾ ഉണ്ടായിരുന്നില്ല. സംസ്ഥാനത്തിൻെറ പല ഭാഗങ്ങളിലും ചെറുതരം ജലസേചനപദ്ധതികൾ മാത്രമാണുണ്ടായിരുന്നതു്. എന്നാൽ യുദ്ധകാലത്തും അതിനുശേഷവും ഭക്ഷ്യദുർഭിക്ഷത നേരിട്ടപ്പോൾ കട്ടംകൃഷിയുടെയും നെട്ടംകൃഷിയുടെയും ആവശ്യം ഒഴിച്ചുകൂടാൻ പാടില്ലാത്തതായി വന്നു. അങ്ങനെയാണു വൻകിട ജലസേചനപദ്ധതികൾ ആരംഭിച്ചതു്. നെയ്യാർ, കുട്ടനാടു്, ചാലക്കുടി, പീച്ചി, വടക്കാഞ്ചേരി, മലമ്പുഴ, മംഗലം, വാളയാർ എന്നിവയാണു അതിൽ പ്രാധാന്യം വഹിക്കുന്നതു്. ചാലക്കുടി, പെരിയാർ, മൂവാററുപുഴ, പമ്പാ എന്നീ നദികളുടെതടങ്ങളിൽ ലിഫ്ററ് ഇറിഗേഷൻ പദ്ധതികളും ആരംഭിക്കുകയുണ്ടായി.

1955-56ൽ ഗവർമ്മെൻറു വകയായും സ്വകാര്യവ്യക്തികളുടെ വകയായും ഉള്ള തോടുകൾ മുഖേന കേരളത്തിൽ മൊത്തം 3·96 ലക്ഷം ഏക്കർ പ്രദേശത്തിനു ജലസേചനസൗകര്യം സിദ്ധിച്ചിരുന്നു. അതിനു പുറമെ വേറെ 1·06 ലക്ഷം ഏക്കർ ഭൂമിയ്ക്കു കുളങ്ങളും കിണറുകളും മുഖേന ജല

സേചനസൗകര്യം ലഭിച്ചു. മഴ കൊണ്ടു ജലസേചനം നടന്നതു 3·09 ലക്ഷം ഏക്കർ സ്ഥലത്താണു്. അങ്ങനെ മൊത്തം 44·87 ലക്ഷം ഏക്കർ കൃഷിഭൂമിയുള്ളതിൽ 8·11 ലക്ഷം ഏക്കർ ഭൂമിക്കു, അതായതു 18·1 ശതമാനത്തിനു ജലസേചനസൗകര്യം ലഭിച്ചു.

ഒന്നാം പഞ്ചവത്സരപദ്ധതിയിലെ നേട്ടം

മൊത്തം 1467·55 ലക്ഷം ചെലവു വരുന്നതും 2,88,400 ഏക്കർ നിലങ്ങൾക്കു പ്രയോജനപ്പെടുന്നതും പ്രതിവർഷം 115,010 ടൺ നെല്ലു കൂടുതൽ ഉൽപ്പാദിപ്പിക്കാൻ പര്യാപ്തവും ആയ എട്ടു വൻകിട ജലസേചനപദ്ധതികളാണു ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതു്. ഈ പദ്ധതികളിൽ ചിലതു പഞ്ചവത്സരപദ്ധതിഘട്ടത്തിനു മുമ്പു ആരംഭിച്ചവയാണു്. പദ്ധതിക്കു മുമ്പു മൊത്തം 90·50 ലക്ഷം രൂപയും പദ്ധതിഘട്ടത്തിൽ 965·35 ലക്ഷം രൂപയും ചെലവായി. ഒന്നാം പദ്ധതിഘട്ടത്തിന്റെ അവസാനത്തിൽ പദ്ധതികളുടെ പ്രയോജനം 200,500 ഏക്കർ നിലങ്ങൾക്കു സിദ്ധിച്ചു. തന്മൂലം കൂടുതലായുണ്ടായ വിളവു ആണ്ടേയ്ക്കു ഏതാണ്ടു് എഴുപതിനായിരം ടൺ എന്നാണു കണക്കാക്കിയിട്ടുള്ളതു്.

നെയ്യാർ (ഒന്നാം ഘട്ടം), കുട്ടനാടു, ചാലക്കുടി (ഒന്നാം ഘട്ടം) പീച്ചി, വാഴാനി, മലമ്പുഴ, വാളയാർ, മംഗലം എന്നിവയാണു മേൽപറഞ്ഞ എട്ടു വൻകിട ജലസേചനപദ്ധതികൾ. ഈ പദ്ധതികളിൽ മിക്കവയുടെയും പ്രയോജനം ഒന്നാം പദ്ധതിഘട്ടത്തിൽ തന്നെ ലഭിച്ചു തുടങ്ങിയെങ്കിലും എല്ലാററിന്റെയും പൂർത്തീകരണത്തിനുള്ള പരിപാടി രണ്ടാം പദ്ധതിയുടെ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്.

ഓരോ പദ്ധതിയുടെയും ചെലവും, ലക്ഷ്യവും, നേട്ടവും സംബന്ധിച്ചു പട്ടിക ചുവടെ ചേർക്കുന്നു:–

കേരളത്തിലെ വികസനപദ്ധതികൾ

പദ്ധതി	മൊത്തം ചെലവ്	ചെലവ് (ലക്ഷം രൂപാ)			പ്രയോജനം			
					പൂർത്തിയാകുമ്പോൾ		ഒന്നാം പദ്ധതിയുടെ അവസാനത്തിൽ	
		പദ്ധതിക്ക് മുമ്പ്	പദ്ധതി ഘട്ടത്തിൽ	മൊത്തം	പ്രയോജനം സിദ്ധിക്കുന്ന സ്ഥലം (ഏക്കർ)	പ്രതിവർഷം കൂടുതലായുണ്ടാകുന്ന ഉൽപ്പാദനം (ടൺ)	പ്രയോജനം സിദ്ധിക്കുന്ന സ്ഥലം (ഏക്കർ)	പ്രതിവർഷം കൂടുതലായുണ്ടാകുന്ന ഉൽപ്പാദനം (ടൺ)
നെയ്യാർ	146·00		96·19	96.19	18,000	12,046	....	
കുട്ടനാട്	100·80		57·65	57·65	1,21,000	41,378	1,21,000	41,878
ചാലക്കുടി	153·25	22 23	87·98	110·21	30,000	17,748	16,500	10,195
പീച്ചി	235·00	63·25	128·25	191·50	46,000	16,750	28,000	7,345
വാഴാനി	107·57	5.02	53·96	58·98	11,800	7,288	....	....
മലമ്പുഴ	527·50		398·89	398·89	47,600	14,200	35,000	10,440
വാളയാർ	116·66		87·46	87·46	8,000	2,900	....	...
മംഗലം	97·51		54·97	54·97	6,000	2.200	....	....
മൊത്തം	1484·29	90·50	965·35	1055·85	2,88,400	1,15,010	2,00,500	69,858

രണ്ടാം പഞ്ചവത്സരപദ്ധതിയിലെ പരിപാടി

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 863·48 ലക്ഷം രൂപ ചെലവുള്ള പദ്ധതികളാണു ഉൾപ്പെടുത്തിയിട്ടുള്ളതു്. ഇതിൽ 265·67 ലക്ഷം രൂപയുടെ പദ്ധതികൾ ഒന്നാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച ജോലികളിൽ പൂർത്തിയാകാൻ ശേഷിക്കുന്നവ പൂർത്തിയാക്കുന്നതിനുവേണ്ടിയാണു്. ഇങ്ങനെ പൂർത്തിയാക്കാൻ ശേഷിച്ചിട്ടുള്ളവയിലധികവും 1958–59 ൽ പൂർത്തിയാകുമെന്നാണു പ്രതീക്ഷിക്കുന്നതു്. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ മൊത്തം 4·19 ലക്ഷം ഏക്കർ നിലങ്ങൾക്കു വൻകിട പദ്ധതികൾ മുഖേന ജലസേചനസൗകര്യം സിദ്ധിക്കുന്നതാണു്. ഒന്നാം പഞ്ചവത്സരപദ്ധതിയിലെ പരിപാടികൾക്കു പുറമെ അടിയിൽ പറയുന്ന പദ്ധതികൾ കൂടി രണ്ടാം പഞ്ചവത്സരപദ്ധതിഘട്ടത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പദ്ധതി	പ്രയോജനം സിദ്ധിക്കുന്ന പ്രദേശം (ഏക്കർ)	മൊത്തം ചെലവു് (ലക്ഷം രൂപാ)	രണ്ടാം പഞ്ചവത്സരപദ്ധതിയിലെ തുക (ലക്ഷം രൂപാ)
1. തണ്ണീർമുക്കം ഓരു നിരോധന ബണ്ടു്	1,21,000	150·00	76·00
2. നെയ്യാർ രണ്ടാം ഘട്ടം	19,000	106·00	71·25
3. ചാലക്കുടി രണ്ടാം ഘട്ടം	20,250	57·00	57·00
4. ഭൂതത്താൻകെട്ടു (പെരിയാർനദീതടം)	63,300	348·00	200·00
5. മീൻകര	4,100	56·34	56·34
6. ചീരക്കുഴി	4,000	31·92	31·92
7. പോത്തുണ്ടി	9,128	88·00	70·00
8. കാട്ടാമ്പള്ളി (വിവിധോദ്ദേശപദ്ധതി)	5,000	28·63	25·00

ഈ പദ്ധതികൾ ആവിഷ്കരിച്ചതു മേഖലാപരമായ പരിഗണനകളെക്കൂടി അടിസ്ഥാനമാക്കിയാണു്. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലെ ജനങ്ങൾക്കു വികസനപദ്ധതികളുടെ പ്രയോജനം സിദ്ധിക്കണമെന്നുള്ളതാണു ഗവർമ്മെന്റിന്റെ ലക്ഷ്യം.

ഒന്നാമത്തെയും രണ്ടാമത്തെയും പഞ്ചവത്സരപദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ വൻകിട ജലസേചന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേക്കുന്നു:

നെയ്യാർ പദ്ധതി (ഒന്നാം ഘട്ടം)

ഇതു തിരുവനന്തപുരം ഡിസ്ട്രിക്ടിൽ നഗരത്തിനു 19 മൈൽ അകലെ നെയ്യാർ തടത്തിലുള്ള ഒരു പദ്ധതിയാണു്. വെള്ളം തടഞ്ഞു സംഭരിച്ചുനിർത്താൻ ഒരു അണക്കെട്ടും വലതുവശത്തും ഇടതുവശത്തും തോടുകളും നിർമ്മിക്കുന്ന ജോലിയാണു ഈ പദ്ധതിയിൽ ഉൾപ്പെടുന്നതു്. ഇതു രണ്ടുഘട്ടങ്ങളിലായിട്ടാണു പൂത്തിയാക്കുന്നതു്.

ഒന്നാമത്തെ ഘട്ടം അണയുടെ നിർമ്മാണവും (സ്പിൽവേ ഗേററുകൾഒഴിച്ചു) വലതുവശത്തെ തോടുമാണു്. അണയ്ക്കു നദിയിൽ നിന്നു 124 അടിയും അടിസ്ഥാനത്തിൽ നിന്നു 154 അടിയും ഉയരമുണ്ടായിരിക്കും. അണയ്ക്കകത്തു 375 കോടി ഘനഅടി വെള്ളം സംഭരിച്ചുനിറുത്താം. വലതുവശത്തെ മുഖ്യ തോടിന്റെ നീളം 21½ മൈലും ഉപതോടുകളുടെനീളം മൊത്തം 12 മൈലുംവരും. ഏതാണ്ടു പതിനയ്യായിരം ഏക്കർ നിലങ്ങൾക്കു ഇതുപ്രയോജനപ്പെടും. ഒന്നാംഘട്ടത്തിന്റെ ചെലവു 146 ലക്ഷം രൂപയാണു്. 1952 ജനുവരി മാസത്തിൽ ഈ പദ്ധതി ആരംഭിച്ചു. ഒന്നാം പദ്ധതിഘട്ടത്തിൽ മൊത്തം 96·19 ലക്ഷം രൂപാ ചെലവായി. 47 ലക്ഷം രൂപാ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. വലതുവശത്തെ തോടു ഉൾപ്പെടെയുള്ള ഒന്നാംഘട്ടം ഈയിടെ ഉൽഘാടനം ചെയ്യപ്പെട്ടു.

നെയ്യാർ (രണ്ടാം ഘട്ടം)

ഇതു രണ്ടാം പദ്ധതിയിലാണു ആരംഭിക്കുന്നതു്. ഇടതു വശത്തു 24 മൈൽ നീളത്തിലുള്ള മുഖ്യതോടും മൊത്തം 75 മൈൽ നീളം വരുന്ന ഉപതോടുകളും നിർമ്മിക്കുകയാണു രണ്ടാം ഘട്ടത്തിലെ ജോലി. നെയ്യാററിൻകര താലൂക്കിലെ 9,900 ഏക്കർ നിലങ്ങൾക്കും മദ്രാസ് സംസ്ഥാനത്തിലുൾപ്പെട്ട കന്യാകുമാരി ഡിസ്ട്രിക്ടിലെ വിളവംകോടു താലൂക്കിൽ 92,000 ഏക്കർ നിലങ്ങൾക്കും ഇവകൊണ്ടു ജലസേചന സൗകര്യം ലഭിക്കും.

അങ്ങനെ മൊത്തം 252 ലക്ഷം രൂപാചെലവുള്ള ഈ പദ്ധതി കേരളത്തിൽ 24,900ഏക്കർ നിലങ്ങൾക്കും മദ്രാസ് സംസ്ഥാനത്തു 9,200 ഏക്കർ നിലങ്ങൾക്കും പ്രയോജനപ്പെടുന്നതാണ്. ഒരേക്കറിൻെറ ചെലവു 728 രൂപാവരും. അഭിവൃദ്ധി നികുതിയിനത്തിൽ ആകെ 176·44 ലക്ഷം രൂപയും വെള്ളക്കരം ഇനത്തിൽ പ്രതിവർഷം രണ്ടുലക്ഷം രൂപയും ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ രണ്ടാം ഘട്ടത്തിലേക്കായി 71·25 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ടു്.

ചാലക്കുടിപദ്ധതി (ഒന്നാംഘട്ടം)

തൃശ്ശൂർ ഡിസ്ട്രിക്ടിൽ ചാലക്കുടിയിൽ നിന്നു 11മൈൽ കിഴക്കായി ചാലക്കുടി നദിയിൽ തുമ്പർമുഴി എന്ന സ്ഥലത്തുള്ള ഒരു അണയും അവിടെ നിന്നും നദിയുടെ രണ്ടു തടങ്ങളിലും നിന്നു മുഖ്യതോടും ശാഖാതോടുകളും നിർമ്മിക്കുകയാണു ഈ പദ്ധതിയിലെ ജോലികൾ. പദ്ധതിയിൽ രണ്ടുഘട്ടങ്ങൾ ഉൾപ്പെടുന്നു. കൊച്ചി–ഷൊറണ്ടൂർ റെയിൽവേ ലൈനിൻെറ കിഴക്കുവശം 2,84,000 ഏക്കർ നിലങ്ങൾക്കു ജലസേചന സൗകര്യം നൽകുന്നതിനുള്ളതാണു ആദ്യഘട്ടം. അതിൽ 35 മൈൽ മുഖ്യതോടും 101മൈൽ ഉപതോടുകളും ഉൾപ്പെടുന്നു. ആദ്യത്തെ ഘട്ടത്തിനു ചെലവു 128·25 ലക്ഷംരൂപയാണ്.

ഒന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി അണയും 35 മൈൽ നീളത്തിൽ മുഖ്യതോടും മൊത്തം 93 മൈൽ ഉപതോടുകളും പൂർത്തിയാക്കി. അതിൻെറ ഫലമായി 16,500 ഏക്കർ നിലങ്ങൾക്കു ജലസേചനസൗകര്യം നൽകപ്പെട്ടു. ബാക്കിയുള്ള എട്ടുമൈൽ ഉപതോടുകളും മററു ചില്ലറപ്പണികളും പൂർത്തിയാക്കുന്നതിനായി 13·42 ലക്ഷം രൂപാ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചാലക്കുടി (രണ്ടാംഘട്ടം)

രണ്ടാംഘട്ടത്തിൽ 17 മൈൽ മുഖ്യതോടും 61 മൈൽ ഉപതോടുകളുംകൂടി നിർമ്മിച്ചു കൂടുതലായി 20,250 ഏക്കർ നിലങ്ങൾക്കു ജലസേചനസൗകര്യം നൽകുന്നതിനുള്ള പണികളാണു ഉൾപ്പെടുന്നതു്. രണ്ടാം ഘട്ടത്തിൻെറ ചെലവ് 57 ലക്ഷം രൂപയാണ്. അതായതു ശരാശരി ഒരേക്കറിനു 380 രൂപാ. ഇതിൽ 134 ലക്ഷം രൂപാ അഭിവൃദ്ധി നികുതിയിനത്തിൽ പ്രതീക്ഷിക്കുന്നു. കൂടാതെ പ്രതിവർഷം ജലനികുതിയിനത്തിൽ 3·24 ലക്ഷം രൂപാ ലഭിക്കുന്നതാണ്.

പീച്ചിപദ്ധതി

തൃശ്ശൂർ ഡിസ്ട്രിക്ടിൽ തൃശ്ശൂർ പട്ടണത്തിൽ നിന്നും 15 മൈൽ അകലെ കരുവന്നൂർ നദിയുടെ മണലിയാർ ശാഖയിൽ പീച്ചി എന്ന സ്ഥലത്തു ഒരു അണയും നദിയുടെ ഇരുവശങ്ങളിലും തോടുകളും നിർമ്മിക്കുന്നതിനുള്ളതാണ് ഈ പദ്ധതി. അണയുടെ നീളം 750 അടിയും നദീതടത്തിൽ നിന്നുമുള്ള ഉയരം 120 അടിയുമാണ്. അണയിൽ 390 കോടി ഘനഅടി വെള്ളം സംഭരിച്ചു നിറുത്തുന്നതിനു കഴിയും. വലതുവശത്തെ മുഖ്യതോടിനു 23 മൈൽ നീളവും ഉപതോടുകൾക്കു മൊത്തം 47 മൈൽ നീളവും ഉണ്ടായിരിക്കും. ഇടതുവശത്തു 28 മൈൽ മുഖ്യതോടും അതിൻെറ ഉപതോടുകളും ഉണ്ടായിരിക്കും. 46,000 ഏക്കർ ആയക്കെട്ടുപ്രദേശത്തിനു ഈ തോടുകളുടെ പ്രയോജനം സിദ്ധിക്കുന്നതാണ്.

പദ്ധതിയുടെ മൊത്തം ചെലവ് 235 ലക്ഷം രൂപയാണ്. അതിൽ 63·25 ലക്ഷം രൂപാ ഒന്നാം പഞ്ചവത്സര പദ്ധതിക്കുമുമ്പും 128·14 ലക്ഷം രൂപാ ഒന്നാംപഞ്ചവത്സര പദ്ധതി ഘട്ടത്തിലും ചെലവായി. ഒന്നാം പദ്ധതിയുടെ അവസാനത്തോടുകൂടി അണകളുടെ പണിപൂർത്തിയായി. മുഖ്യ തോടുകളുടെ പണിപൂർത്തിയാകാറായുമിരുന്നു. 22,000 ഏക്കർ നിലങ്ങൾക്കു അന്നു ജലസേചനം നടത്തുവാൻ കഴിഞ്ഞു. ജോലികൾ പൂർത്തിയാക്കുന്നതിനു രണ്ടാംപദ്ധതിയിൽ 24·82 ലക്ഷം രൂപാ കൊള്ളിച്ചിരുന്നു. ജോലികൾ മിക്കവാറും പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്.

വാഴാനിപദ്ധതി

തൃശ്ശൂർ ഡിസ്ട്രിക്ടിൽ വടക്കാഞ്ചേരിപട്ടണത്തിനു ഏഴു മൈൽ കിഴക്കു വാഴാനി എന്ന സ്ഥലത്തു വടക്കാഞ്ചേരി നദിയിൽ മണ്ണുകൊണ്ടുള്ള ഒരു അണനിർമ്മിച്ചു അതിൽ നിന്നു തോടുകളും ചാലുകളുംമുഖേന ജലസേചനം നടത്തുന്നതിനുള്ളതാണു ഈ പദ്ധതി. ഇടതുവശത്തെ തോടുമുഖേന അവിടെയുള്ള 12,800 ഏക്കർ ആയക്കെട്ടു നിലങ്ങൾക്കു മുഴുവനും പ്രയോജനം സിദ്ധിക്കുന്നതാണ്. റിസർവായറിൽ 69 കോടി ഘന അടി വെള്ളം സംഭരിച്ചുനിറുത്തുവാൻ കഴിയും. മുഖ്യ തോടിനു ഏകദേശം 24 മൈൽ നീളവും ഉപതോടുകൾക്കു 14 മൈൽ നീളവും വരും.

പദ്ധതിയുടെ മൊത്തം ചെലവ് 107·57 ലക്ഷം രൂപയാണ്. 5·02 ലക്ഷം രൂപാ ഒന്നാംപഞ്ചവത്സരപദ്ധതിക്കുമുമ്പും 53·96 ലക്ഷം രൂപാ ഒന്നാംവത്സരപദ്ധതിഘട്ടത്തിലും ചെലവായി. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ 26 ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്. ഷട്ടറുകൾ ഉറപ്പിക്കുന്നതൊഴികെ അണയുടെ ജോലികൾ പൂർത്തിയായി, തോടിന്റെ ജോലികളും പൂർത്തിയാകാറായി.

മംഗലംപദ്ധതി

പാലക്കാട്ട ഡിസ്ട്രിക്ടിലെ കിഴക്കാഞ്ചേരി ഗ്രാമത്തിൽ മംഗലം നദിയിൽ അണകെട്ടി തോട്ടകരംവഴി 6000 ഏക്കർ ആയക്കെട്ടനിലങ്ങൾക്ക ജലസേചനം നടത്തുന്നതിനുള്ളതാണ് ഈ പദ്ധതി. പ്രധാനതോട്ടകൾക്ക മൊത്തം 23 മൈൽ നീളംവരും. പദ്ധതിയുടെചെലവ് 97·51 ലക്ഷംരൂപയാണ്. ഒന്നാംപഞ്ചവത്സരപദ്ധതിഘട്ടത്തിൽ 54·97 ലക്ഷം രൂപാ ചെലവാക്കി. ഒന്നാംപദ്ധതിയുടെ അവസാനത്തിൽ അണയുടെയും ഇടത്തുവശത്തെ തോടിൻെറയും പണി പൂർത്തിയായിരുന്നു. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ 46·40 ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്. രണ്ടാംപദ്ധതിയുടെ അവസാനത്തിനമുമ്പ എല്ലാ ജോലികളും തീൎന്നിരിക്കമെന്നു പ്രതീക്ഷിക്കുന്നു.

വാളയാർപദ്ധതി

ഇതും പാലക്കാട്ടഡിസ്ട്രിക്ടിലാണ്. പാലക്കാട്ടനിന്നും 14 മൈൽ അകലെ പാലക്കാട്ട-കോയമ്പത്തൂർ റോഡിൽ, മദ്രാസ്-കേരള അതിൎത്തിയ്ക്കുസമീപം അണയും അതിൽനിന്നു തോട്ടകളും നിർമ്മിച്ച 8,000 ഏക്കർ സ്ഥലത്തേയ്ക്ക ജലസേചനസൗകര്യം നൽകുന്നതിനാണ ഈ പദ്ധതി. മൊത്തം 116·66 ലക്ഷം രൂപാ ചെലവു പ്രതീക്ഷിക്കപ്പെട്ടിരുന്നു. ഒന്നാംപഞ്ചവത്സരപദ്ധതിഘട്ടത്തിൽ 87·46 ലക്ഷം രൂപാ ചെലവായി. ഒന്നാംപദ്ധതി അവസാനിച്ചപ്പോഴേയ്ക്കു അണയുടെയും തോട്ടകളുടെയും പണി പൂർത്തിയാകാറായിരുന്നു. ശേഷിച്ച ജോലികൾക്കായി രണ്ടാംപദ്ധതിയിൽ 20 ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്.

മലമ്പുഴപദ്ധതി

പാലക്കാട്ട ഡിസ്ട്രിക്ടിൽ ഒലവക്കോട്ട റെയിൽവേ സ്റ്റേഷനു നാലുമൈൽ കിഴക്കായിട്ട ഭാരതപ്പുഴയുടെ ശാഖയായ മലമ്പുഴയിൽ 6,066 അടി നീളത്തിലുള്ള ഒരു അണയും

മൊത്തം 37 മൈൽ നീളത്തിലുള്ള മുഖ്യതോട്ടുകളും അവയുടെ ഉപതോടുകളും നിർമ്മിക്കുകയാണ ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ജോലികൾ. ഈ പദ്ധതി മുഖേന 47,600 ഏക്കർ നിലങ്ങൾക്ക ജലസേചനസൗകര്യം ലഭിക്കും. ഭാവിയിൽ വിദ്യുഛക്തി ഉൽപ്പാദനവും ഈ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ മൊത്തം ചിലവു 528 ലക്ഷം രൂപയാണ്. ഒന്നാം പഞ്ചവത്സരപദ്ധതിക്കുമുമ്പ് 79·37 ലക്ഷം രൂപയും ഒന്നാം പദ്ധതി ഘട്ടത്തിൽ 398·89 ലക്ഷം രൂപയും ചെലവായി. ഒന്നാം പദ്ധതിയുടെ അവസാനത്തിൽ അണയുടെയും ഇടതുവശത്തെ തോടിൻെറയും പണികൾ പൂർത്തിയായിരുന്നു. അതിൻെറ ഫലമായി 35,000 ഏക്കർ നിലങ്ങൾക്ക ജലസേചനം നടത്തുന്നതിനും കഴിഞ്ഞു. രണ്ടാം പദ്ധതിയിൽ 80·03 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. അതു മുഖ്യമായും വലതുവശത്തെ തോടിനു വേണ്ടിയാണ്. 1955–56 മുതൽ പദ്ധതി പ്രവർത്തനത്തിൽ വന്നുകഴിഞ്ഞു.

കുട്ടനാട്ട വികസനപദ്ധതി

കുട്ടനാട്ട എന്നു പറയപ്പെടുന്ന പ്രദേശത്തിനു 340 ചതുരശ്രമൈൽ വിസ്തൃതിയുണ്ട്. അതു മിക്കവാറും ജലാശയങ്ങളും തോടുകളും കൊണ്ടു നിറയപ്പെട്ടിരിക്കുന്നു. അതിൽ 189·2 ചതുരശ്രമൈൽ നെൽപ്പാടങ്ങളും 31 ചതുരശ്രമൈൽ ജലാശയങ്ങളും 117 ചതുരശ്രമൈൽ തോപ്പുകളും ഉൾപ്പെടുന്നു. ഈ പ്രദേശത്തെ പ്രശ്നം കൃഷിക്ക വെള്ളം നൽകുകയെന്നുള്ളതല്ല. വെള്ളപ്പൊക്കത്തിൻെറയും ഉപ്പുവെള്ളക്കയററത്തിൻെറയും കെടുതികളിൽ നിന്നും കൃഷിഭൂമിയെ രക്ഷിക്കുകയെന്നതാണ്. ഗതാഗത സൗകര്യവും കുറവാണ്. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായിട്ടാണ കുട്ടനാട്ട വികസന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതു്. അതിൽ രണ്ടു ഭാഗങ്ങൾ

ഉൾപ്പെടുന്നു: (1) തോട്ടപ്പള്ളി സ്പിൽവേ (2) തണ്ണീർമുക്കം ബണ്ട്.

ഇതിൽ സ്പിൽവേയ്ക്കുള്ള ചെലവു 57·65 ലക്ഷം രൂപയാണ്. വെള്ളപ്പൊക്കത്തെ നിയന്ത്രിക്കുന്നതിനുള്ള സ്പിൽവേ ഒന്നാം പഞ്ചവത്സരപദ്ധതിഘട്ടത്തിൽ പൂർത്തിയാക്കി. സ്പിൽവേയിലേക്കു നയിക്കുന്ന തോടിൻെറ പണി മാത്രം ശേഷിച്ചു. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 8 ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്.

തണ്ണീർമുക്കത്തു ഉപ്പുവെള്ളം കയറുന്നതിനെ തടയുന്നതിനായി ബണ്ടു നിർമ്മിക്കുന്നതു കൊച്ചീ തുറമുഖത്തെ ഹാനികരമായിബാധിച്ചേക്കുമെന്നു തുറമുഖാധികൃതർക്കുണ്ടായ ആശങ്കമൂലമാണു അതിൻെറ ജോലി ഒന്നാം പഞ്ചവത്സരപദ്ധതിഘട്ടത്തിൽ ആരംഭിക്കുന്നതിനു കഴിയാതെ വന്നതു്. എന്നാൽ പൂനായിലെ ഗവേഷണകേന്ദ്രത്തിൽ നടത്തിയ പരിശോധനകളുടെ ഫലമായി ആ ആശങ്കയ്ക്കു അടിസ്ഥാനമില്ലെന്നു ബോദ്ധ്യമായി. വേമ്പനാട്ടു കായലിൻെറ ഒരു വീതി കുറഞ്ഞ സ്ഥാനമായ തണ്ണീർമുക്കത്തു് ഒരു റഗുലേററർ നിർമ്മിച്ചു കടലിൽ നിന്നുമുള്ള ഓരുവെള്ളക്കയററത്തെ നിരോധിക്കുന്നതിനാണ് ഈ പദ്ധതി. തന്മൂലം സമുദ്രനിരപ്പിൽ നിന്നും അല്പം താണു കിടക്കുന്ന ഏകദേശം ഒരു ലക്ഷത്തിൽപ്പരം ഏക്കർ ഒരുപ്പൂ നിലങ്ങളിലെ കൃഷിയെ രക്ഷിക്കുന്നതിനും അതിൽ ഇരുപ്പൂവു കൃഷി നടപ്പിൽ വരുത്തുന്നതിനും സാധിക്കുന്നതാണ്. പദ്ധതിയുടെ അടങ്കൽ ചെലവു 150 ലക്ഷം രൂപയാണ്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 76 ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്.

റഗുലേറററിനു 40 അടി വീതമുള്ള 92 സ്പാനുകളും 18 അടി ഉയരത്തിലുള്ള ഡബിൾ ഷട്ടറുകളും ഗതാഗതസൗകര്യത്തിനായി തണ്ണീർമുക്കത്തു ഇരട്ടച്ചീപ്പും, വെച്ചൂരിൽ

ഒററച്ചീപ്പം ഉണ്ടായിരിക്കും. റഗുലേററിൻെറ മുകളിൽക്കൂടി 20 അടി വീതിയിൽ നിർമ്മിക്കുന്ന റോഡ് കരമാർഗ്ഗ ഗതാഗതത്തിനു ഇരുകരകളെയും ബന്ധിപ്പിക്കുന്നതാണ്. കുട്ടനാട്ടെ പുഞ്ചവിളവിനെ കടൽക്ഷോഭം, ഓരുകയററം, വെള്ളപ്പൊക്കം എന്നിവയുടെ കെടുതികളിൽ നിന്നും രക്ഷിക്കുക, ഇരുപ്പൂകൃഷി സാദ്ധ്യമാക്കുക, കായൽ നിലങ്ങൾ കൃഷിക്കു വീണ്ടെടുക്കാൻ കഴിയുക, കുട്ടനാട്ടു ഗൃഹാവശ്യങ്ങൾക്കു ശുദ്ധജലം ലഭ്യമാവുക, കായലിൻെറ ഇരുകരകളെയും റോഡു മുഖാന്തിരം ബന്ധിപ്പിച്ചു ഗതാഗത സൗകര്യം ഉണ്ടാക്കുക എന്നിവയാണു ഈ പദ്ധതിയുടെ ഗുണങ്ങൾ. കൂടാതെ അനവധി ആളുകൾക്കു തൊഴിലും ലഭിക്കുന്നു. മൊത്തം 121,000 ഏക്കർ നിലങ്ങൾക്കു ഈ പദ്ധതിയുടെ പ്രയോജനം സിദ്ധിക്കും. ഇതിൻെറ ജോലികൾ ആരംഭിച്ചിട്ടുണ്ട്.

ഭൂതത്താൻകെട്ടു (പെരിയാർവാലി) പദ്ധതി

പെരിയാററിൽ ഭൂതത്താൻകെട്ടു എന്ന സ്ഥലത്തു ഒരു അണ കെട്ടി വെള്ളത്തിൻെറ ഗതി മാററി ഇടത്തു വശത്തു മുഖ്യതോടും ഉപതോടുകളും മുഖേന പാടങ്ങളിലേക്കു വെള്ളം നൽകുന്നതിനുള്ളതാണു ഈ പദ്ധതി. മൂവാററുപുഴ, കുന്നത്തുനാട്ടു എന്നീ താലൂക്കുകളിലെ 63,300 ഏക്കർ നിലങ്ങൾക്കു ഇതു മുഖേന ജലസേചന സൗകര്യം സിദ്ധിക്കുന്നതാണ്. പദ്ധതിക്കു മൊത്തം 348 ലക്ഷം രൂപാ ചെലവുള്ളതിൽ 200·8 ലക്ഷം രൂപാ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജോലി പൂർത്തിയാക്കുന്നതു മൂന്നാം പദ്ധതിയിലായിരിക്കും. മൂലധനച്ചെലവു ശരാശരി ഏക്കറിനു 500 രൂപാ വരും. അതിൽ 271·9 ലക്ഷം രൂപാ അഭിവൃദ്ധി നികുതിയായും പ്രതിവർഷം 2·38 ലക്ഷം രൂപാ വെള്ളക്കരമായും ഈടാക്കുന്നതാണ്. അണയുടെ ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

മീൻകര പദ്ധതി

പാലക്കാട്ട താലൂക്കിൽ മൂവ്വലകപ്പുതൂരിനു സമീപം, പൊള്ളാച്ചി—കൊല്ലങ്കോട്ട റോഡിൽ (21/6 മൈൽ) മീൻകര നദിയിൽ 31·5 കോടി ഘന അടി വെള്ളം സംഭരിച്ചു നിറുത്താവുന്ന ഒരു റിസർവായർ നിർമ്മിച്ചു ജലസേചനം നടത്തുന്നതിനുള്ള പദ്ധതിയാണിതു്. അണയ്ക്കു 3,160 അടി നീളമുണ്ടായിരിക്കും. വലതു വശത്തെ തോടിനു 5½ മൈലും ഇടതു വശത്തെ തോടിനു 3¾ മൈലും നീളമുണ്ടായിരിക്കും. 4,100 ഏക്കർ നിലങ്ങൾക്കു പ്രയോജനപ്പെടുന്ന ഈ പദ്ധതിയുടെ ചെലവു 56·34 ലക്ഷം രൂപയായിരിക്കും. അതായതു ഏക്കറിനു ശരാശരി 1374 രൂപാ.

ചീരക്കുഴിപദ്ധതി

മംഗലം പദ്ധതിയിലെ ജലസംഭരണത്തിന്റെ ഒരു ഭാഗം മംഗലം അണയ്ക്കു കുറെ താഴെ നദിയിൽ ഒരു അണ കെട്ടി തലപ്പിള്ളി താലൂക്കിലെ 4,100 ഏക്കർ നിലങ്ങൾക്കു പ്രയോജനപ്പെടുത്തുന്നതിനുള്ളതാണു ഈ പദ്ധതി. ഇതിന്റെ ജോലികൾക്കായി രണ്ടാംപഞ്ചവത്സരപദ്ധതിയിൽ 31·92 ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ടു്. മൂലധനച്ചെലവു ഏക്കറിനുശരാശരി 798 രൂപാവരും. അതിൽ 12·62 ലക്ഷം അഭിവൃദ്ധിക്കരം ഇനത്തിലും 20,000 രൂപാ പ്രതിവർഷം വെള്ളക്കരം ഇനത്തിലും ഈടാകുമെന്നു പ്രതീക്ഷിക്കുന്നു.

പോത്തുണ്ടിപദ്ധതി

പാലക്കാട്ട ടൗണിനു 20 മൈൽ തെക്കു അയലൂർ പുഴയിൽ മണ്ണുകൊണ്ടുള്ള ഒരു അണയും, നദിയുടെ വലതുവശത്തു മറെറാരു ചെറിയ അണയും, നദിയുടെ ഇടതുവശത്തു ഒരു ചിപ്പും മൊത്തം 23¼ മൈൽ നീളത്തിൽ തോടുകളും നിർമ്മിക്കുകയാണു് ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ജോലികൾ. നെന്മാറ, ചിററൂർ എന്നീ താലൂക്കുകളിലെ മൊത്തം 9,128 ഏക്കർ നിലങ്ങൾക്കു ഈ പദ്ധതിമുഖേന ജലസേചനസൗകര്യം ലഭിക്കുന്നു. ഇതിൽ 1,788 ഏക്കർ ഒരുപ്പൂനിലങ്ങളെ ഇരുപ്പൂ

നിലങ്ങളാക്കുന്നതിനും 2,476 ഏക്കർ ഉണക്കുനിലങ്ങളെ പുതുതായി ഇരുപ്പൂകൃഷിക്കു വിധേയമാക്കുന്നതിനുമുള്ള പരിപാടികൾ ഉൾപ്പെടുന്നു. പദ്ധതിക്കു മൊത്തം 88ലക്ഷം രൂപാ ചെലവു വരുമെന്നു പ്രതീക്ഷിക്കുന്നു. രണ്ടാം പഞ്ചവത്സര പദ്ധതിയിൽ 70 ലക്ഷം രൂപയാണു കൊള്ളിച്ചിട്ടുള്ളതു്. ഇതിന്റെ ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്.

കാട്ടാമ്പള്ളിപദ്ധതി

കണ്ണൂർ താലൂക്കിൽ കണ്ണൂർ പട്ടണത്തിൽ നിന്നും ആറു മൈൽവടക്കു കാട്ടാമ്പള്ളി ചതുപ്പു എന്നറിയപ്പെടുന്ന സ്ഥലത്തിന്റെ വികസനത്തിനായുള്ള പദ്ധതിയാണിതു്. ഓരുവെള്ളക്കയററം തടയുന്നതിനായി കാട്ടാമ്പള്ളി പുഴയിൽ ഒരു റഗുലേററർ നിർമ്മിക്കുക, ഇതോടനുബന്ധിച്ചു ഗതാഗത സൗകര്യം അഭിവൃദ്ധിപ്പെടുത്തുന്നതിനായി 1½ മൈൽ നീളത്തിൽ ഉയന്ന റോഡുനിർമ്മിക്കുക, തോടുമാർഗ്ഗമുള്ള ഗതാഗതത്തിനു് ഒരു ചിപ്പു നിർമ്മിക്കുക, വെള്ളം വററിക്കുന്നതിനു പമ്പു സ്ഥാപിക്കുക എന്നിവയാണു ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ജോലികൾ. ഈ പദ്ധതിയുടെ ഫലമായി 4,000 ഏക്കർ നിലങ്ങൾ ഓരുകയററത്തിന്റെയും വെള്ളപ്പൊക്കത്തിന്റെയും കെടുതികളിൽനിന്നും രക്ഷപ്പെടുകയും റോഡുമാർഗ്ഗമായും ജലമാർഗ്ഗമായുമുള്ള ഗതാഗതം സുഗമമാവുകയും ചെയ്യും. കൂടാതെ ഭാവിയിൽ വളപട്ടണം പദ്ധതി ആരംഭിക്കുന്നതിനും ഇതു സഹായകമാകും. പദ്ധതിയുടെ ആദ്യഘട്ടത്തിനു 28.63 ലക്ഷം രൂപാ ചെലവുവരുമെന്നു പ്രതീക്ഷിക്കുന്നു. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 25 ലക്ഷം രൂപാകൊള്ളിച്ചിട്ടുണ്ടു്.

പുതിയ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ

പുതിയ വൻകിട ജലസേചനപദ്ധതികൾ ആരംഭിക്കുന്നതു സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ പ്രവൎത്തനങ്ങൾക്കായി മൊത്തം 9.5 ലക്ഷം രൂപാ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

വിദ്യുച്ഛക്തി ഉല്പാദനം

ഭൂമിയിൽ നിന്നും കുഴിച്ചെടുക്കുന്ന എണ്ണയും കല്ക്കരിയും ഇല്ലെങ്കിലും ശക്ത്യുല്പാദനത്തിനുതകുന്ന നദീജലസമ്പത്തു നമുക്കു ഒരു വലിയ അനുഗ്രഹമാണു്. സമുദ്രനിരപ്പിൽനിന്നും മൂവായിരം അടിയ്ക്കും നാലായിരം അടിയ്ക്കും മദ്ധ്യേ ഉയരത്തിൽ ഉത്ഭവിച്ചു ഉത്ഭവസ്ഥാനത്തുനിന്നും 20 മൈൽ ദൂരം ഒഴുകുന്നതിനിടയിൽ 500 അടി താഴത്തേയ്ക്കുപതിക്കുന്ന നദികൾ നമുക്കുണ്ടു്. ഇരുവശങ്ങളിലും ഉയർന്നുനില്ക്കുന്ന മലകൾക്കിടയിൽ അണകെട്ടി വെള്ളം തടഞ്ഞു സംഭരിച്ചുനിറുത്തിയിട്ടു് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനു പല ഘട്ടങ്ങളിലായി ഗണ്യമായ താഴ്ചയിലേക്കു നിപതിപ്പിക്കുന്നതിനുള്ള സൗകര്യവും ധാരാളമുണ്ടു്. അപ്രകാരമുള്ള ജലസഞ്ചയന പ്രദേശങ്ങളിൽ 125 ഇഞ്ചിനും 200 ഇഞ്ചിനുംമദ്ധ്യേ മഴയുള്ളതിനാൽ താരതമ്യേനകുറഞ്ഞ ചിലവിൽ അണകൾ നിർമ്മിച്ചു ആണ്ടുമുഴവനും ആവശ്യമുള്ള വെള്ളം സംഭരിക്കുന്നതിനുകഴിയും. അതുപോലെതന്നെ ഉൽപ്പാദനസ്ഥലവും ഉപയോഗിക്കുന്ന കേന്ദ്രങ്ങളും തമ്മിലുള്ളദൂരവും വലുതല്ല. ഈ അനുകൂല സാഹചര്യങ്ങളെയും മററു ഇന്ധനവസ്തുക്കളുടെ അഭാവത്തെയും പരിഗണിച്ചു ജലവൈദ്യുതശക്തിഉൽപ്പാദിപ്പിക്കുന്നതിനു നേരത്തെ തന്നെ നടപടികൾ ആരംഭിച്ചു. കൃഷിവികസനത്തിനുള്ള സാദ്ധ്യത വളരെ കുറവാകയാൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസമൂഹത്തിനു വ്യവസായങ്ങളല്ലാതെ മററുഗതിയില്ല. വ്യവസായീകരണം വിദ്യുച്ഛക്തിയുടെ ലഭ്യതയെ ആശ്രയിച്ചിരി

ക്കുന്നു. അതിനാൽ ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിൽ വിദ്യുച്ഛക്തിക്കുള്ള പ്രാധാന്യത്തെ പരിഗണിച്ചാണ് പഞ്ചവത്സരപദ്ധതിയിൽ ഒരു വലിയ ഭാഗം ശക്ത്യുല്പാദനത്തിനായി നീക്കിവച്ചിട്ടുള്ളതു്.

ഇൻഡ്യയിൽ ജലവിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയ ആദ്യത്തെ സംസ്ഥാനങ്ങളിലൊന്നാണു കേരളം. 1933-ൽ ആദ്യമായി പള്ളിവാസൽ പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ ആദ്യഘട്ടം 1940-ൽ പൂർത്തിയാക്കുകയും 13,500 കിലോവാട്ട് ശക്തി ഉൽപ്പാദിപ്പിക്കുകയും ചെയ്തു. യുദ്ധകാലത്തു സാധനസാമഗ്രികൾ കിട്ടുന്നതിനുള്ള വിഷമതകൾ മൂലം പുരോഗതി നിലച്ചു. എന്നാൽ യുദ്ധാനന്തര ഘട്ടത്തിൽ ശീഘ്ര പുരോഗതിയാണുണ്ടായതു്. ഒന്നാംപഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ സംസ്ഥാനത്തെ വിവിധ പദ്ധതികൾക്കു മൊത്തം 85,500 കിലോവാട്ട ശക്തിഉല്പാദിപ്പിക്കുന്നതിനുള്ള കഴിവുണ്ടായിരുന്നു. 1956-ൽ മൊത്തം 36·4 കോടി യൂണിററു ശക്തി ഉൽപ്പാദിപ്പിച്ചതിൽ 28.3 കോടി വില്ക്കുകയുണ്ടായി. ആകെയുള്ളതിൻെറ 7·3 ശതമാനം ഗാർഹികാവശ്യങ്ങൾക്കും 85 ശതമാനം വ്യവസായങ്ങൾക്കുമാണ് ഉപയോഗപ്പെടുത്തിയതു്.

ഒന്നാം പഞ്ചവത്സരപദ്ധതിയിലെ പുരോഗതി

ഒന്നാം പഞ്ചവത്സരപദ്ധതിയിലേയ്ക്കു മൊത്തംചെലവു കൊള്ളിച്ചിരുന്ന 3,003 ലക്ഷം രൂപയിൽ വിദ്യുച്ഛക്തി ഉൽപ്പാദന വിതരണ പരിപാടികൾക്കായി 1,185 ലക്ഷം രൂപാ വകയിരുത്തിയിരുന്നു. അതിൽ 1,123 ലക്ഷം രൂപാ അതായതു 95 ശതമാനത്തോളം ചെലവാക്കി. ചെലവു സംബന്ധിച്ച പട്ടിക ചുവടെ ചേക്കുന്നു.

പദ്ധതി	ഉല്പാദനക്ക ഴിവ് (കിലോവാട്ട്)	പദ്ധതിയിൽ ഉൾപ്പെടുത്തി യ തുക (ലക്ഷം രൂ.)	ചെലവായ തുക (ലക്ഷം രൂ)
1. പള്ളിവാസൽ (രണ്ടാം ഘട്ടം)	9,000	160·00	....
2. ചെങ്കുളം	48,000	185·00	940·00
3. പൊരിങ്ങൽകുത്തു	24,000	135·00	183·00
4. പുതിയ പദ്ധതികൾ	53,000	65·00	1·94
5. വിതരണം	....	640·00	579·70
മൊത്തം	134,000	1,185·00	1,704·64

ഇതിൽ പള്ളിവാസൽ (രണ്ടാം ഘട്ടം) പദ്ധതിയുടെ 95 ശതമാനം ജോലി തീൻ. ചെങ്കുളം പദ്ധതിയും പൂർത്തിയായി. പൊരിങ്ങൽകുത്തു പദ്ധതി മിക്കവാറും പൂർത്തിയായിരുന്നു. വിതരണ പദ്ധതിയുടെ ലക്ഷ്യവും പ്രാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ പുതിയ പദ്ധതികളെ സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ ജോലികൾ നടത്തിയതിനു പുറമെ പൊരിങ്ങൽകുത്തിൽ 8,000 കിലോവാട്ട് ശക്തിയുള്ള ഒരു നാലാമത്തു ജനറേറിംഗ്സെററു സ്ഥാപിക്കുന്നതിനും 45,000 കിലോവാട്ട ശക്തി ഉൽപ്പാദിപ്പിക്കാവുന്ന നേര്യമംഗലം പദ്ധതി ആരംഭിക്കുന്നതിനും ഒന്നാം പഞ്ചവത്സരപദ്ധതി ഘട്ടത്തിൽ തന്നെ ജോലികൾ ആരംഭിച്ചു. ഇവ രണ്ടും ആദ്യം ഒന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതല്ല.

ഒന്നാം പദ്ധതിക്കാലത്തു ഏകദേശം 50,000 ഉപഭോക്താക്കൾക്കായി 800 പുതിയ കേന്ദ്രങ്ങളിൽ പുതുതായി വിദ്യുഛക്തി വിതരണം ആരംഭിച്ചു.

രണ്ടാം പഞ്ചവത്സരപദ്ധതിയിലെ പരിപാടി

സംസ്ഥാനത്തെ വ്യാവസായികവും കാർഷികവുമായ വികസനത്തിനു ആവശ്യമായ വിദ്യുഛക്തി ഉൽപ്പാദിപ്പിക്കു

ന്നതിനുള്ള എല്ലാ സാദ്ധ്യതകളും പരമാവധി ചൂഷണം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയാണു രണ്ടാം പഞ്ചവത്സര പദ്ധതിയിലെ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളതു്. കൂടാതെ പരിഷ്കൃത ജീവിതത്തിനത്യന്താപേക്ഷിതമായ വിദ്യുഛക്തി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിക്കണമെന്ന ലക്ഷ്യവും ഗവർമ്മെന്റിനുണ്ടു്.

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഉൽപ്പാദന പദ്ധതികളുടെ ശേഷിക്കുന്ന ചില്ലറ ജോലികൾ പൂർത്തിയാക്കുന്നതിനും പുതിയ ഉൽപ്പാദന പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനുമായി 1,118·31 ലക്ഷം രൂപാ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. പൊരിങ്ങൽകുത്തു രണ്ടാം ഘട്ടം, നേര്യമംഗലം, ഷോളയാർ, പന്നിയാർ, പമ്പാ ഒന്നാം ഘട്ടം, എന്നീ ഉൽപ്പാദന പദ്ധതികളും പുതിയ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനും, ശക്തിവിതരണത്തിനും ഗ്രാമവൈദ്യുതീകരണത്തിനും ഉള്ള പരിപാടികളും പദ്ധതി ഉൾക്കൊള്ളുന്നു.

രണ്ടാം പഞ്ചവത്സര പദ്ധതിയിലെ ചെലവു താഴെ പറയും പ്രകാരമാണു്.

		ലക്ഷം രൂപാ
1.	ഉൽപ്പാദന പദ്ധതികൾക്കു	1118·31
2.	പുതിയ ഉൽപ്പാദന പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ	21·75
3.	ട്രാൻസ്മിഷൻ	482·89
4.	ശക്തി വിതരണവും ഗ്രാമവൈദ്യുതീകരണവും	722·53
	മൊത്തം	2345·48

രണ്ടാം പഞ്ചവത്സരപദ്ധതി പൂർത്തിയാകുന്നതോടുകൂടി 137,000 കിലോവാട്ട ശക്തി കൂടി ഈ സംസ്ഥാനത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കപ്പെടും. മൊത്തം ഉൽപ്പാദനം അപ്പോഴേയ്ക്കു 208,000 കിലോവാട്ട് ആകുന്നതാണ്. അന്നത്തേയ്ക്കുണ്ടാകുമെന്നു കണക്കാക്കുന്ന 210,000 കിലോവാട്ട് ലക്ഷ്യത്തെ ഏതാണ്ടു സഫലമാക്കാൻ അങ്ങനെ കഴിയുന്നതാണ്.

സംസ്ഥാന പുനസ്സംഘടനയോടുകൂടി തിരുവിതാംകൂർ-കൊച്ചി പ്രദേശത്തെക്കാൾ വിദ്യുച്ഛക്തിയുടെ കാര്യത്തിൽ പിന്നിട്ടു നില്ക്കുന്ന മലബാർ പ്രദേശത്തിൻെറ ആവശ്യങ്ങളെ പരിഗണിച്ചു പദ്ധതിയിൽ പല മാററങ്ങളുംവരുത്തേണ്ടതായി വന്നിട്ടുണ്ട്. 1960–61 വരെ പ്രതിവർഷം 1,000 കിലോവാട്ട് എന്ന നിരക്കിൽ മലബാർ പ്രദേശത്തേയ്ക്കു മദ്രാസ് സംസ്ഥാനത്തു നിന്നും വിദ്യുച്ഛക്തി വിതരണം ചെയ്യണമെന്നു കരാറുണ്ടായിരുന്നെങ്കിലും അവിടെ വിദ്യുച്ഛക്തിക്കു നേരിട്ടിരിക്കുന്ന ക്ഷാമം മൂലം പരിമിതമായ തോതിൽതന്നെ ശക്തി ലഭിക്കുവാൻ സാദ്ധ്യമാകുന്നില്ല. അതിനാൽ മലബാർ പ്രദേശത്തേയ്ക്കു തിരുവിതാംകൂർ-കൊച്ചി പ്രദേശത്തെ ശക്ത്യുൽപ്പാദനകേന്ദ്രങ്ങളിൽ നിന്നു തന്നെ വിദ്യുച്ഛക്തി എത്തിക്കേണ്ടതു ആവശ്യമായി വന്നു. മലബാർ പ്രദേശത്തെ ശക്തി വിതരണത്തെ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തെ ശക്തി വിതരണത്തിനു സമമായി കൊണ്ടു വരുന്നതിനുവേണ്ടി വിദ്യുച്ഛക്തിയ്ക്കായി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 2,345·48 ലക്ഷം രൂപയിൽ 503 ലക്ഷം രൂപാ മലബാർ പ്രദേശത്തേയ്ക്കു നീക്കിവച്ചിരിക്കുകയാണ്.

പുതിയ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷന്നായി 21·75 ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്.

രണ്ടു പഞ്ചവത്സരപദ്ധതികളിലുമായി ഉൾപ്പെടുത്തിയിട്ടുള്ള ശക്ത്യുൽപ്പാദനപദ്ധതികളെ സംബന്ധിച്ച സാമാന്യവിവരണമാണു ചുവടെ ചേർക്കുന്നതു്.

പള്ളിവാസൽ പദ്ധതി

മുതിരപ്പുഴ ആററിലെ വെള്ളം ഉപയോഗിച്ചു വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനായി ഒന്നാം പഞ്ചവത്സരപദ്ധതിക്കു മുമ്പേ സ്ഥാപിച്ചിരുന്ന പള്ളിവാസൽ കേന്ദ്രത്തിൽ 4,500 കിലോവാട്ട് ശക്തി വീതം ഉൽപ്പാദിപ്പിക്കാൻ കഴിവുള്ള മൂന്നു ഉൽപ്പാദന യൂണിററുകളാണുണ്ടായിരുന്നത്. ആണ്ടു മുഴുവനും നിർവിഘ്നമായി ജലപാതം ഉണ്ടായിരിക്കുന്നതിനു വേണ്ടി മുതിരപ്പുഴ ആററിൽ മാട്ടുപ്പെട്ടി എന്ന സ്ഥലത്തു 150 അടി ഉയരമുള്ളതും 190 കോടി ഘന അടി വെള്ളം സംഭരിച്ചു നിറുത്താവുന്നതുമായ ഒരു അണ നിർമ്മിക്കുക, പള്ളിവാസലിലെ ജനറേററിംഗ് സെററിൻെറ ഉൽപ്പാദന ശക്തി 4,500 യൂണിററിൽ നിന്നും 5,000 യൂണിററായി ഉയർത്തുക, 7500 കിലോവാട്ട് ശക്തി ഉൽപ്പാദിപ്പിക്കുന്ന ഒരു സെററു കൂടി സ്ഥാപിക്കുക എന്നിവയായിരുന്നു ഒന്നാം പദ്ധതിയിലെ പരിപാടികൾ. ഇതിൽ 220 ലക്ഷം രൂപാ ചെലവുള്ള മാട്ടുപ്പെട്ടി അണയുടെ ജോലി 1946-ൽ ആരംഭിച്ചതാണ്. ഒന്നാം പദ്ധതി ഘട്ടത്തിനു മുമ്പു 70 ലക്ഷം രൂപാ ചെലവായി. അണയുടെ അൽപ്പം ചില ജോലികൾ ഒഴിച്ചു ബാക്കിയെല്ലാം ഒന്നാം പദ്ധതി ഘട്ടത്തിലും 4·8 ലക്ഷം രൂപയുടെ ശേഷിച്ച ജോലി രണ്ടാം പദ്ധതി ഘട്ടത്തിലും പൂർത്തിയാക്കി. അങ്ങനെ പള്ളിവാസൽ കേന്ദ്രത്തിനു 37,500 കിലോവാട്ട് ശക്തി ഉൽപ്പാദിപ്പിക്കുന്നതിനുള്ള കഴിവുണ്ടാക്കി.

ചെങ്കുളം പദ്ധതി

പള്ളിവാസൽ കേന്ദ്രത്തിൽ നിന്നു ബഹിർഗ്ഗമിക്കുന്ന ജലം ഉപയോഗിച്ചു വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയാണിതു്. ചെങ്കുളത്തു അണയും വെള്ളത്തൂവൽ എന്ന സ്ഥലത്തു പവ്വർഹൗസും നിർമ്മിക്കുകയായിരുന്നു ഇതിലെ പ്രധാന പണികൾ. 1947-ൽ ആരംഭിച്ച ഈ പദ്ധ

തിക്ക ഒന്നാം പഞ്ചവത്സരപദ്ധതി ഘട്ടത്തിനു മുമ്പു 140 ലക്ഷം രൂപയും ഒന്നാം പദ്ധതിയിൽ 257·28 ലക്ഷം രൂപയും ചെലവായി. 48,000 കിലോവാട്ട് ശക്തി ഉല്പാദിപ്പിക്കാൻ കഴിവുള്ള ജനറേററിംഗ് സെററ് 1954 മുതൽ പ്രവർത്തനം തുടങ്ങി. രണ്ടാം പഞ്ചവത്സരപദ്ധതി ഘട്ടത്തിൽ 1·83 ലക്ഷം രൂപാ ചെലവാക്കി ശേഷിച്ച ചില്ലറപ്പണികളും പൂർത്തിയാക്കി.

പൊരിങ്ങൽകുത്തു

ചാലക്കുടി നദി ആനക്കയം അരുവിയിൽ ചേരുന്ന സ്ഥാനത്തു 120 കോടി ഘന അടി വെള്ളം സംഭരിക്കാവുന്ന ഒരു അണയും പൊരിങ്ങൽകുത്തു വെള്ളച്ചാട്ടത്തിനു താഴെ 24,000 കിലോവാട്ട് ശക്തി ഉല്പാദിപ്പിക്കുന്ന പവ്വർഹൗസും നിർമ്മിക്കുകയാണ് ഇതിലെ പ്രധാന പണികൾ. മൊത്തം 306 ലക്ഷം രൂപാ അടങ്കൽ ചെലവു നിശ്ചയിച്ചിരുന്ന ഈ പദ്ധതിയുടെ ജോലി 1946-ൽ ആരംഭിച്ചു. ഒന്നാം പഞ്ചവത്സരപദ്ധതി ഘട്ടത്തിനു മുമ്പ് 125 ലക്ഷം രൂപയും പദ്ധതി ഘട്ടത്തിൽ 175·23 ലക്ഷം രൂപയും ചെലവായി. ഒന്നാം പദ്ധതി ഘട്ടത്തിൽ പൂർത്തിയാക്കണമെന്നായിരുന്നു ഉദ്ദേശമെങ്കിലും സാമഗ്രികൾ കിട്ടുന്നതിനുള്ള വൈഷമ്യം മൂലം 1957-58 ൽ മാത്രമെ ജോലികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളു. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 40 ലക്ഷം രൂപാ ഇതിലേക്കു ഉൾപ്പെടുത്തിയിരുന്നു.

മേൽ പറഞ്ഞതു പൊരിങ്ങൽകുത്തു ഒന്നാം ഘട്ടം പദ്ധതിയാണ്. 8,000 കിലോവാട്ട് വിദ്യുഛക്തി ഉല്പാദനശക്തിയുള്ള ഒരു നാലാമത്തെ ജനറേററിംഗ് സെററ് സ്ഥാപിക്കുന്നതിനുള്ള രണ്ടാം ഘട്ടത്തിനായി 35·41 ലക്ഷം രൂപാ രണ്ടാം പഞ്ചവത്സരപദ്ധതി ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നു.

നേര്യമംഗലംപദ്ധതി

ചെങ്കുളം പദ്ധതിയുടെ വെള്ളത്തൂവൽ പവ്വർഹൗസിൽ നിന്നും മൂന്നു മൈൽ താഴെ മുതിരപ്പുഴ നദിയിൽ കല്ലാർ ചെന്നു ചേരുന്ന കല്ലാർ കുററിയിൽ അണ കെട്ടി മുതിരപ്പുഴയുടെ ഗതി തിരിച്ചു 650 അടി താഴെയുള്ള പതനത്തിൽ വച്ചു ശക്തി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയാണിതു്. കല്ലാർ കുററിയിൽ വച്ചു തിരിച്ചു വിടുന്ന നദീജലം പാറയിൽ കൂടി തുരക്കുന്നതും 11,500 അടി നീളം വരുന്നതുമായ ഒരു തുരങ്കത്തിൽക്കൂടിയും അതിൽനിന്നും മൂന്നു പൈപ്പ് ടണ്ണലുകളിൽക്കൂടിയും പവ്വർഹൗസിലേക്കു കൊണ്ടുപോകും. മുതിരപ്പുഴയും പെരിയാറും തമ്മിൽ ചേരുന്ന പനങ്കുററിയിലായിരിക്കും പവ്വർഹൗസ്. 15,000 കിലോവാട്ട് ശക്തി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന മൂന്നു ജനറേററിംഗ് സെററുകൾ ആദ്യം സ്ഥാപിക്കുന്നതാണ്. ഈ പ്രദേശത്തു ആരംഭിക്കാനുദ്ദേശിക്കുന്ന മററു പദ്ധതികൾ കൂടി പൂർത്തിയാകുമ്പോഴേക്കു മാത്രമെ നേര്യമംഗലം പദ്ധതിയുടെ പൂർണ്ണമായ വികസനം സാദ്ധ്യമാകൂ. 290 ലക്ഷം രൂപാ ചെലവു വരുന്ന ഈ പദ്ധതിയുടെ ജോലി ഒന്നാം പഞ്ചവത്സരപദ്ധതി ഘട്ടത്തിൽ തന്നെ ആരംഭിച്ചു. രണ്ടാം പദ്ധതിയിൽ 274 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്.

പന്നിയാർപദ്ധതി

മുതിരപ്പുഴയുടെ ഒരു പോഷകനദിയാണു പന്നിയാർ. അതിൽ അണകെട്ടി പൈപ്പ്ലൈൻ മുഖേന 780അടി താഴത്തേയ്ക്കു വെള്ളം നിപതിപ്പിച്ചു വിദ്യുഛക്തി ഉൽപാദിപ്പിക്കുന്നതിനുള്ള സൗകര്യമുണ്ട്. പന്നിയാറും മുതിരപ്പുഴയും ചേരുന്ന പന്നിയാർ കുററിക്കു രണ്ടുമൈൽ മുകളിൽ പൊൻമുടി എസ്റ്റേററിനുസമീപമുള്ള ഒരു സ്ഥലവും 18 മൈൽ മുകളിൽ പന്നിയാർ എസ്റ്റേററിൽ ആനയെറങ്കൽ എന്ന സ്ഥലവുമാണു

അണകൾ നിർമ്മിക്കുവാൻപററിയ സ്ഥാനങ്ങളായി തെര ഞ്ഞെടുത്തിട്ടുള്ളതു്. മൂതിരപ്പുഴയുടെ ഇടതുവശത്തു് ചെങ്കുളം പദ്ധതിയിലെ പൗവ്വർഹൗസിനെതിരെയുള്ള ഒരു സ്ഥലത്താ ണു പവ്വർഹൗസ് സ്ഥാപിക്കുന്നതു്. 15,000 കിലോവാട്ടു് ശക്തിവീതം ഉല്പാദിപ്പിക്കാൻ കഴിവുള്ള രണ്ടു ജനറേററിംഗ് യൂണിററുകൾ സ്ഥാപിക്കുന്നതാണു്. പദ്ധതിക്കു ചെലവു 295 ലക്ഷം രൂപാ വരുമെന്നു കണക്കാക്കിയിട്ടുണ്ടു്. രണ്ടാംപഞ്ച വത്സരപദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതു 280·25 ലക്ഷം രൂപയാണു്.

ഷോളയാർപദ്ധതി

ചാലക്കുടിനദിയുടെ ഒരു പോഷകനദിയാണു ഷോളയാർ. അതിൽ അമ്പലപ്പാറയ്ക്കു ഒരു മൈലിനപ്പുറം 458 കോടി ഘനയടി വെള്ളം സംഭരിക്കത്തക്ക അണ നിർമ്മിച്ചു രണ്ടര മൈൽ താഴെയായി നിർമ്മിക്കുന്ന ഒരു ചെറിയ അണയിലേ ക്കും അവിടെ നിന്നു ടണ്ണലുകൾ മുഖാന്തിരവും വെള്ളം കൊ ണ്ടുപോയി ആനക്കയം എന്നസ്ഥലത്തു നിപതിപ്പിച്ചു ശക്തി ഉൽപ്പാദിപ്പിക്കുന്നതിനാണു ഉദ്ദേശിക്കുന്നതു്. പൗവർ ഹൗ സിൽ 18,000 കിലോവാട്ടു്ശക്തി ഉൽപ്പാദിപ്പിക്കാൻ കഴിവു ള്ള മൂന്നു ജനറേററിംഗ് യൂണിററുകൾ ഉണ്ടായിരിക്കും. പദ്ധ തിക്കു 391 ലക്ഷം രൂപാ ചെലവു വരുമെന്നു കണക്കാക്കുന്നു. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതു 262·02 ലക്ഷം രൂപയാണു്. ഈ പദ്ധതിയുടെ ആവശ്യം കഴിഞ്ഞു ബഹിർഗമിക്കുന്ന ജലം ഉപയോഗിച്ചു പൊരിങ്ങൽ കുത്തു ഇടതുകരയിലെ സ്റ്റേഷനിൽ 15,200 കിലോവാട്ടു് ശക്തി കൂടുതലായി ഉൽപ്പാദിപ്പിക്കാമെന്നു പ്രതീക്ഷിക്കുന്നു.

പമ്പാ (ഒന്നാംഘട്ടം)

പമ്പയാററിൽ 450 കോടി ഘനഅടി വെള്ളം സംഭരി ച്ചു നിറുത്തത്തക്കതും 221 അടി ഉയരത്തിലുള്ളതുമായ ഒരു

അണനിർമ്മിച്ച പൈപ്പുലൈനുകൾമുഖേന ചാക്കിയാറിൻെറ തീരത്തുസ്ഥാപിക്കുന്ന പൗവർഹൗസിൽഎത്തിച്ചു ശക്തി ഉൽപ്പാദിപ്പിക്കുന്നതിനുദ്ദേശിക്കപ്പെട്ടതാണു ഈ പദ്ധതി. ആദ്യഘട്ടത്തിൽ 50,000 കിലോവാട്ട് ശക്തി ഉൽപ്പാദിപ്പിക്കാൻ കഴിവുള്ള രണ്ടു യൂണിററുകൾ സ്ഥാപിക്കും. പദ്ധതിക്കു 965 ലക്ഷം രൂപാ ചെലവുണ്ടാകുമെന്നാണു കണക്കാക്കിയിട്ടുള്ളതു്. 1962-63-ൽമാത്രമേ ഇതിൻെറ ജോലി പൂർത്തിയാകൂ. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 220 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ടു്.

പുതിയ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ

പുതിയ വിദ്യുച്ഛക്തി ഉൽപ്പാദനപദ്ധതികളെ സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി 21·75 ലക്ഷം രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്.

ശക്തിവിതരണം

ട്രാൻസ്മിഷൻ ലൈനുകളും സബ്സ്റ്റേഷനുകളും സ്ഥാപിക്കുന്നതുസംബന്ധിച്ച ജോലികൾക്കായി മൊത്തം 482·89 ലക്ഷം രൂപാ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു് ഇതിൽ 79·39 ലക്ഷം രൂപാ ഒന്നാം പഞ്ചവത്സരപദ്ധതിയിൽ പൂർത്തിയാക്കാൻ ശേഷിച്ചിരുന്ന ജോലികൾ പൂർത്തിയാക്കുന്നതിനാണു്.

ശക്തിവിതരണം, ഗ്രാമവൈദ്യുതീകരണം എന്നിവകൾക്കായി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ നീക്കിവച്ചിട്ടുള്ളതു 722·53 ലക്ഷം രൂപയാണു്. പദ്ധതിഘട്ടത്തിൽ മൊത്തം 1,05,260 ഉപഭോക്താക്കൾക്കു പുതുതായി ശക്തിവിതരണം നടത്തണമെന്നും 50,595 തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്നുമാണു ലക്ഷ്യം.

ഗ്രാമങ്ങളിൽ വെളിച്ചം എത്തിക്കുന്നതിനും ഗ്രാമീണതൊഴിലുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനെ സഹായിക്കുന്നതി

ന്നും സർവോപരി ഗ്രാമജീവിതം കൂടുതൽ ആനന്ദകരമാക്കുന്നതിനും വേണ്ടിയുള്ള ഗ്രാമവൈദ്യുതീകരണപരിപാടിക്കു സുപ്രധാനമായസ്ഥാനമാണു പദ്ധതിയിൽ നല്കിയിട്ടുള്ളതു്. 1344 ഗ്രാമീണകേന്ദ്രങ്ങളിൽ പുതുതായി വൈദ്യുതീകരിക്കുകയാണു് പദ്ധതിയിലെ ലക്ഷ്യം. രണ്ടാംപഞ്ചവത്സരപദ്ധതിയിലെ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടുകൂടി നാട്ടിന്റെ എല്ലാ കോണുകളിലും വിദ്യുച്ഛക്തി ലഭിക്കുന്നതാണു്.

PRINTED AT THE KERALA PRESS,
TRIVANDRUM-1.



കുണ്ടള അണ

6234

പൊരിങ്ങൽകുത്ത് പവ്വർസ്റ്റേഷൻ



പീച്ചി അണ.